ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 11.09.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശും ഉത്തരാഖണ്ഡും സന്ദർശിക്കും.

   **Prime Minister Narendra Modi to visit Uttar Pradesh and Uttarakhand today.**

2. ബിഹാർ, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലെ അഞ്ച് ജില്ലകളെ ഉൾക്കൊള്ളുന്ന റെയിൽ പാത വികസനത്തിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

   **Union Cabinet approves railway line development covering five districts in Bihar, Jharkhand, and West Bengal.**

3. നേപ്പാൾ സംഘർഷ പശ്ചാത്തലത്തിൽ ഇന്ത്യ-നേപ്പാൾ അതിർത്തിയിൽ സുരക്ഷ ശക്തമാക്കി; കേരളീയരെ തിരികെയെത്തിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Security tightened at India-Nepal border amid Nepal conflict; Kerala CM Pinarayi Vijayan demands urgent intervention to bring back Keralites**

4. തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് വെർച്വലായി ഉദ്ഘാടനം ചെയ്യും.

**Union Minister Amit Shah to virtually inaugurate Fast Track Immigration – Trusted Traveler Program to speed up immigration clearance at Thiruvananthapuram airport.**

5. രാജ്യവ്യാപകമായി സമഗ്ര വോട്ടർപട്ടിക പരിഷ്കരണം നടപ്പാക്കുന്നത് സംബന്ധിച്ച തയ്യാറെടുപ്പുകൾ വിലയിരുത്തി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

**Central Election Commission reviews preparations for nationwide SIR.**

6. ഏഷ്യാ കപ്പ് ക്രിക്കറ്റിൽ യു.എ.ഇ- യ്ക്ക് എതിരെ ഇന്ത്യയ്ക്ക് ഒൻപത് വിക്കറ്റ് ജയം.

**In Asia Cup Cricket India defeats UAE by nine wickets.**

☸☸☸☸☸☸☸☸☸☸☸☸☸

## PM-UP/UK VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശും ഉത്തരാഖണ്ഡും സന്ദർശിക്കും. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലമിന് ശ്രീ മോദി വാരാണസിയിൽ വിരുന്ന് നൽകും. ആരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതിക വിദ്യ, ഊർജ്ജം, അടിസ്ഥാന സൗകര്യങ്ങൾ, പുനരുപയോഗ ഊർജം, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, നീല സമ്പദ്‌വ്യവസ്ഥ തുടങ്ങിയ മേഖലകളിലെ സഹകരണം വികസിപ്പിക്കുന്നത്

സംബന്ധിച്ച് ഇരു പ്രധാനമന്ത്രിമാരും ചർച്ച ചെയ്യും. വൈകുന്നേരം ഡെറാഡൂണിലേക്ക് പോകുന്ന

ശ്രീ നരേന്ദ്ര മോദി, ഉത്തരാഖണ്ഡിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ വ്യോമ നിരീക്ഷണം നടത്തും. ഉന്നതതല അവലോകന യോഗത്തിലും അദ്ദേഹം പങ്കെടുക്കും.

## MAURITIUS PM- MUMBAI VISIT

മൗറീഷ്യസിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ എല്ലായ്‌പ്പോഴും ഉറച്ച പിന്തുണ നൽകിയ വിശ്വസനീയ പങ്കാളിയാണ് ഇന്ത്യയെന്ന് മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം. മൗറീഷ്യസ്-ഇന്ത്യ ബിസിനസ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യാ-മൗറീഷ്യസ് വാണിജ്യ ബന്ധം വിശ്വാസം, സൗഹൃദം, പരസ്പര ബഹുമാനം എന്നിവയിൽ അധിഷ്ഠിതമാണെന്നും അദ്ദേഹം പറഞ്ഞു.

## VAISHNAV-BHAGALPUR-DUMKA-RAMPURHAT (INTRO)

ബിഹാർ, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ ഭഗൽപൂർ - ദുംക - രാംപൂർഹട്ട് സിംഗിൾ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിസഭാ സമിതി അംഗീകാരം നൽകി. ബിഹാറിലെ ബുക്സർ-ഭഗൽപൂർ ഹൈ-സ്പീഡ് കോറിഡോറിലെ നാല് വരി പാതാ വികസനത്തിനും മന്ത്രിസഭ അംഗീകാരം നൽകി. മൂന്ന് സംസ്ഥാനങ്ങളിലെ അഞ്ച് ജില്ലകളെ ഉൾക്കൊള്ളുന്ന പദ്ധതി ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ശൃംഖല ഏകദേശം 177 കിലോമീറ്റർ വർദ്ധിപ്പിക്കും. പദ്ധതികൾ ഇന്ത്യൻ റെയിൽവേയ്ക്ക്

കാര്യക്ഷമതയും സേവന വിശ്വാസ്യതയും നൽകുമെന്ന് കേന്ദ്ര റയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## NARENDRA MODI - QATAR SHEIKH

ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽ-താനിയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ കൂടിക്കാഴ്ച നടത്തി. ദോഹയിലെ ആക്രമണങ്ങളിൽ പ്രധാനമന്ത്രി ആശങ്ക പ്രകടിപ്പിച്ചു. ആക്രമണത്തെ ഇന്ത്യ അപലപിക്കുന്നതായി പ്രധാനമന്ത്രി മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. സംഭാഷണത്തിലൂടെയും നയതന്ത്ര ചർച്ചകളിലൂടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും ഇന്ത്യ പിന്തുണ നൽകുന്നതായും അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## AMIT SHAH- GUJARAT

ഗുജറാത്തിലെ സാനന്ദ് നിയസഭ മണ്ഡലത്തിൽ 66 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ഇന്നലെ തുടക്കം കുറിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. നിയമസഭാ മണ്ഡലത്തിലെ സമഗ്ര വികസനം ഉറപ്പു നൽകിയ കേന്ദ്രമന്ത്രി, 2029 ഓടെ സൻസദിലെ എല്ലാ ഗ്രാമങ്ങളിലും കുടിവെള്ള വിതരണം, റോഡ്, ആരോഗ്യ സേവനം, ശുചിത്വം, വനവത്കരണം എന്നിവ ഉറപ്പാക്കുമെന്നും അറിയിച്ചു. സാനന്ദ് നിയമസഭാ മണ്ഡലത്തിൽ സിഎസ്ആർ സംരംഭങ്ങളിലൂടെ 150 കോടി രൂപയുടെ വികസന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും ശ്രീ ഷാ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## NEPAL- M E A

സംഘർഷ സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് മുന്നറിയിപ്പ് നൽകി വിദേശകാര്യമന്ത്രാലയം. സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ നേപ്പാളിലെ ഇന്ത്യൻ പൗരന്മാർ നിലവിലെ താമസ സ്ഥലങ്ങളിൽ തുടരണമെന്നും തെരുവുകളിൽ ഇറങ്ങുന്നത് ഒഴിവാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

## NEPAL- INDIAN BORDER

നേപ്പാളുമായി അതിർത്തി പങ്കിടുന്ന ഉത്തർപ്രദേശ്, ബിഹാർ, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലെ ജില്ലകളിൽ സുരക്ഷ ശക്തമാക്കി. അതിർത്തി പ്രദേശങ്ങളിൽ, SSB -യും പോലീസും സംയുക്തമായി പരിശോധനയും, പട്രോളിംഗും നടത്തിവരുന്നു. വ്യാപാര ചെക്ക്പോസ്റ്റുകളിലും പ്രവേശന കേന്ദ്രങ്ങളിലും പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ട്. ക്രമസമാധാന നില കാത്തുസൂക്ഷിക്കുന്നതിനായി ആവശ്യമെങ്കിൽ കൂടുതൽ സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിക്കുമെന്ന് അധികൃതർ അറിയിച്ചു.

## NEPAL- KERALA CM LETTER

നേപ്പാളിലെ പൊഖാറയിൽ കുടുങ്ങിക്കിടക്കുന്ന കേരളത്തിൽ നിന്നുള്ള വിനോദസഞ്ചാരികളെ സുരക്ഷിതമായി എത്തിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറിന് കത്തയച്ചു. കേരളീയരെ നാട്ടിലെത്തിക്കുന്നതിന് കേന്ദ്ര സർക്കാരിന് കേരളത്തിൻ്റെ എല്ലാ പിന്തുണയും സഹകരണവും ഉണ്ടാവുമെന്നും മുഖ്യമന്ത്രി കത്തിൽ പറഞ്ഞു.

## NEPAL – CHIEF JUSTICE SUSHILA KARKI

നേപ്പാളിൽ, ഇടക്കാല സർക്കാരിനെ നയിക്കാൻ മുൻ ചീഫ് ജസ്റ്റിസ് സുശീല കാർക്കിയുടെ പേര് നിർദ്ദേശിച്ച് ജൻസി പ്രതിനിധി സംഘം . എന്നാൽ നിർദ്ദേശത്തെ നിരവധി യുവാക്കൾ എതിർത്തു. ഇടക്കാല സർക്കാർ രൂപീകരിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചതോടെ തലസ്ഥാന നഗരത്തിൽ സംഘർഷങ്ങൾക്ക് നേരീയ അയവ് വന്നിട്ടുണ്ട്.

## FASTRACK EMIGRATION

തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ – ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് വെർച്വലായി ഉദ്ഘാടനം ചെയ്യും.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എമിഗ്രേഷനാണ് ഇത് നടപ്പിലാക്കുന്നത്. ഇതോടെ യാത്രക്കാർക്ക് എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ സുഗമമാകും.

## PIYUSH GOYAL (INTRO)

2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കാൻ ധീരരും സ്വയം പര്യാപ്തരുമായ ഇന്ത്യൻ യുവ ശക്തിക്ക് സാധിക്കുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയുഷ് ഗോയൽ. ന്യൂഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രേഡിന്റെ 58 –മത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തെ ഏത് വെല്ലുവിളികളേയും നേരിടുന്നതിന് ഇന്ത്യൻ

യുവാക്കൾ സജ്ജരാണെന്നും ശ്രീ ഗോയൽ പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## ECI-SIR

മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർമാരുടെ ഇക്കൊല്ലത്തെ മൂന്നാം സമ്മേളനം വിളിച്ചുചേർത്ത് ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ. രാജ്യവ്യാപകമായി സമഗ്ര വോട്ടർപട്ടിക പരിഷ്കരണം നടത്തുന്നത് സംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും CEO-മാരുടെ ഓഫീസിന്റെ തയ്യാറെടുപ്പുകളും കമ്മീഷൻ വിലയിരുത്തി. സമ്മേളനം മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഉദ്ഘാടനം ചെയ്തു. തെരഞ്ഞെടുപ്പു കമ്മീഷണർമാരായ സുഖ്ബീർ സിങ് സന്ധു, വിവേക് ജോഷി എന്നിവർ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## ASIA CUP CRICKET

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ യു.എ.ഇ യ്ക്കെതിരെ ഇന്ത്യയ്ക്ക് ഒൻപത് വിക്കറ്റ് ജയം. ദുബായിൽ നടന്ന മത്സരത്തിൽ യു.എ.ഇ ഉയർത്തിയ 58 റൺസ് വിജയലക്ഷ്യം ഇന്ത്യ 4.3 ഓവറിൽ മറികടക്കുകയായിരുന്നു. യു.എ.ഇ യെ 13.1 ഓവറിൽ 57 റൺസിന് ഒതുക്കിയ ഇന്ത്യ, ഒരു വിക്കറ്റ് നഷ്ടത്തിൽ 60 റൺസ് നേടി.

❁❁❁❁❁❁❁❁❁❁❁❁❁

## ASIA CUP HOCKEY

വനിതാ- എഷ്യാകപ്പ് ഹോക്കിയിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഇന്നലെ നടന്ന സൂപ്പർ 4-ലെ ആദ്യ മത്സരത്തിൽ

രണ്ടിനെതിരെ നാല് ഗോളുകൾക്ക് ഇന്ത്യ ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## GST – PM X POST

പുതു തലമുറ ജി എസ ‌റ്റി പരിഷ്കരണങ്ങൾ ഉൽപ്പാദകർക്ക് വലിയ പ്രചോദനവും മേഖലക്ക് മികച്ച പരിവർത്തനവും നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പുതിയ GST പരിഷ്കാരങ്ങൾ ഇന്ത്യയുടെ ഉൽപ്പാദനമേഖലയിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു. ലളിതമാക്കിയ നികുതി സ്ലാബുകൾ, കാര്യക്ഷമമായ ഡിജിറ്റൽ ചട്ടങ്ങൾ എന്നിവ ഉണ്ടാകുന്നതായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## SHIVRAJ SING CHAWHAN – GST

പുതിയ ജി.എസ്.ടി നിരക്കുകൾ കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പുതിയ ജിഎസ്.ടി നിരക്കുകളും സ്ലാബുകളും കാർഷിക മേഖലക്ക്, പ്രത്യേകിച്ച് ചെറുകിട, ഇടത്തരം കർഷകർക്ക് ഏറെ സഹായകരമാകുമെന്നും അദ്ദേഹം പറഞ്ഞു. ഭോപ്പാലിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ.ചൗഹാൻ. കാർഷിക ഉപകരണങ്ങളുടെ ജിഎസ്.ടി നിരക്കുകൾ കുറച്ചതിനാൽ കൃഷിയ്ക്കുള്ള ച്ചെലവ് കുറയുകയും കർഷകരുടെ ലാഭം വർദ്ധിക്കുകയും ചെയ്യുമെന്നും കേന്ദ്ര കൃഷി മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## AMOEBIC

കേരളത്തിൽ രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. മലപ്പുറം സ്വദേശിയായ പത്ത് വയസ്സ് ഉള്ള കുട്ടിക്കും കോഴിക്കോട് സ്വദേശിക്കുമാണ് പുതുതായി രോഗം സ്ഥിരീകരിച്ചത്. നിലവിൽ 11 പേരാണ് ചികിൽസയിലുള്ളത്.

## SREECHITRA MoU

രാജ്യത്തെ 8 പ്രമുഖ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുമായുള്ള ഔദ്യോഗിക സഹകരണത്തിന് തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസിൽ തുടക്കമായി. പഠന, ഗവേഷണ മേഖലകളിൽ പരസ്പര സഹകരണം ശക്തിപ്പെടുത്തുന്നതിന് രാജീവ് ഗാന്ധി സെൻറ്റർ ഫോർ ബയോടെക്നോളജി, ഐസർ, സിടിസിആർഐ, തുടങ്ങിയ സ്ഥാപനങ്ങളുമായാണ് ധാരണാ പത്രം ഒപ്പിട്ടത്.

## ARMY VETERANS PROTEST

വിരമിച്ച ഇന്ത്യൻ സൈനിക ഉദ്യോഗസ്ഥർക്ക് പ്രതിഷേധം നടത്താൻ കൽക്കട്ട ഹൈക്കോടതി അനുമതി നൽകി. കരസേനയുടെ അധികാരപരിധിയിലുള്ള കൊൽക്കത്തയിലെ മൈതാൻ പ്രദേശത്ത് ത്രിണമൂൽ കോൺഗ്രസ്സിന്റെ താൽക്കാലിക വേദി ഈസ്റ്റേൺ കമാൻഡിലെ സൈനിക ഉദ്യോഗസ്ഥർ നീക്കം ചെയ്തപ്പോൾ മുഖ്യമന്ത്രി മമത ബാനർജി സൈന്യത്തിനെതിരെ നടത്തിയ

പരാമർശങ്ങൾക്കെതിരെ പ്രതിഷേധിക്കനാണ് കൊൽക്കത്ത ഹൈക്കോടതി അനുമതി നൽകിയത്.